# 6

## സഭ:

# അതിന്റെ ആരംഭം അന്നും ഇന്നും

**ആദ്യ സഭ എങ്ങനെ വളർന്നു (എ.ഡി. 30)**______________________

1. പ്രസംഗിച്ച മൂന്നു അടിസ്ഥാന വസ്തുതകൾ ഏവ (പ്രവൃത്തികൾ 2:23, 24, 36)?
2. ആ പ്രസംഗം നിരവധി പേരെ സ്വാധീനിച്ചതെങ്ങനെ (പ്രവൃത്തികൾ 2:37)?
3. ആ അന്വേഷകരോടു എന്തു ചെയ്യുവാനാണ് പറഞ്ഞത് (പ്രവൃത്തികൾ 2:38)?
4. ആരാണ് സ്നാനം ഏറ്റത്? അവർ എന്തിനോടാണ് ചേർക്കപ്പെട്ടത് (പ്രവൃത്തികൾ 2:41, 47)?
5. ആ അനുസരിച്ച ആളുകൾ ഇപ്പോൾ എന്തായി മാറി (പ്രവൃത്തികൾ 2:47; 8:1)?
6. അന്നു മൂവായിരം പേർ എങ്ങനെ ആദ്യ സഭയിലെ അംഗങ്ങളായി?

**ശമര്യയിൽ എങ്ങനെ സഭ തുടങ്ങി (എ.ഡി. 36)**___________________

1. യെരുശലേം സഭ "ചിതറി" പോയപ്പോൾ അംഗങ്ങൾ എന്തു ചെയ്തു (പ്രവൃത്തികൾ 8:4)?
2. "ശമര്യ പട്ടണത്തിലേക്കു" പോയത് ആർ? അവൻ എന്തു പ്രഖ്യാ പിച്ചു (പ്രവൃത്തികൾ 8:5)?
3. പ്രസംഗം വിശ്വസിച്ചപ്പോൾ, എന്തു ചെയ്തു (പ്രവൃത്തികൾ 8:12)?
4. അനുസരിച്ച സ്ത്രീ പുരുഷന്മാരെ എന്തു വിളിച്ചിരുന്നു (പ്രവൃത്തികൾ 9:31)
   അപ്പോൾ പിന്നെ എപ്പോഴാണ് ശമര്യയിൽ സഭ ആരംഭിച്ചത്?

**ഫിലിപ്പിയ സഭ ആരംഭിച്ചത് എങ്ങനെ (എ.ഡി. 50)**_________________

1. ലുദിയയും അവരുടെ ഭവനക്കാരും എങ്ങനെ പരിവർത്തനം ചെയ്യപ്പെട്ടു (പ്രവൃത്തികൾ 16:13)?

2. **പൗലൊസ് അവരോട് എന്തുപ്രസംഗിച്ചു (എഫെ. 1:13; 1 പത്രൊ. 1:25)?**
3. **ആ ഒരു കൂട്ടം സ്ത്രീകളുടെ അനുസരണം എങ്ങനെയായിരുന്നു (പ്രവൃത്തികൾ 16:15)?**
4. **പിന്നീട്, കാരാഗൃഹപ്രമാണിയോടും അവന്റെ ഭവനത്തിലുള്ള വരോടും പൗലൊസ് എന്തു പ്രസംഗിച്ചു (പ്രവൃത്തികൾ 16:32)?**
5. **കാരാഗൃഹ പ്രമാണിയും അവന്റെ ഭവനവും ഉടനെ എന്തു ചെയ്തു (പ്രവൃത്തികൾ 16:33, 34)?**
   a. പിന്നീട്, പൗലൊസ് എങ്ങനെ ഈ ഭവനക്കാരെ സംബോധന ചെയ്തു (ഫിലി. 1:1; 4:15)?
   b. പിന്നെ, എങ്ങനെ, ഫിലിപ്പിയ സഭ ആരംഭിച്ചു?

**കൊരിന്തിൽ സഭ ആരംഭിച്ചത് എങ്ങനെ (എ.ഡി. 50-52)____________**

1. **കൊരിന്തിൽ പൗലൊസ് തന്റെ വേല തുടങ്ങിയത് എങ്ങനെ (പ്രവൃത്തികൾ 18:4, 5)?**
2. **കൊരിന്ത്യരോടു അവൻ എന്തു പ്രസംഗിച്ചു (1 കൊരി. 15:1-4)?**
3. **ഈ ആളുകൾ അവരുടെ അനുസരണം എങ്ങനെ പ്രകടിപ്പിച്ചു (പ്രവൃത്തികൾ 18:8)?**
4. **പിന്നീട്, പൗലൊസ് ഈ പരിവർത്തനം ചെയ്തവരെ എങ്ങനെ സംബോധന ചെയ്തു (1 കൊരി. 1:1, 2; 2 കൊരി. 1:1, 2)?**
   അപ്പോൾ കൊരിന്ത്യാ സഭ എങ്ങനെ തുടങ്ങി?

**ഇപ്പോൾ പുതിയ നിയമ സഭ ആരംഭിക്കുന്നതു എങ്ങനെ____________**

1. **അപ്പൊസ്തലന്മാരുടെ കാലത്തു സുവിശേഷം പ്രസംഗിച്ചപ്പോൾ, ആളുകൾ വിശ്വസിക്കുകയും, പാപങ്ങളിൽ നിന്നു മാനസാന്തര പ്പെടുകയും സ്നാനമേല്ക്കുകയും ചെയ്തപ്പോൾ അവരെ രക്ഷിച്ചു സഭയോടു ചേർത്തതുപോലെ, ഇന്നു അതേ സുവിശേഷം പ്രസം ഗിക്കുമ്പോൾ അനുസരിക്കുന്നവർ പുതിയ നിയമ സഭ ആകുകയില്ലേ?**
2. **മഹത്തായ ആജ്ഞയിൽ അപ്പൊസ്തലന്മാർ എന്തു ചെയ്യേണ്ടി യിരുന്നു (മത്താ. 28:19, 20; മർക്കൊ. 16:15, 16; ലൂക്കൊ. 24:46-49)?**
   a. ഈ ആജ്ഞയിൽ, സ്നാനം ഏല്ക്കുന്നവർക്കു എന്തു സംഭവിക്കും (മത്താ. 28:19, 20)?
   b. ആ സ്നാനപ്പെട്ടവരെ എല്ലാം എല്ലായ്പ്പോഴും എന്തിനോടാണ് ചേർത്തത് (പ്രവൃത്തികൾ 2:41, 47)?
   c. അതുകൊണ്ടു, ഇന്നു മഹത്തായ ആജ്ഞ പ്രസംഗിക്കുന്നു എങ്കിൽ, അതിലെ നിബന്ധനകൾ വിശ്വസ്തമായി അനുസരി ക്കുമ്പോൾ, അനുസരിക്കുന്നവരെ എന്തിനോടു ചേർക്കുന്നു (പ്രവൃത്തികൾ 2:41, 47)?

**തത്വം ചിത്രീകരിച്ചിരിക്കുന്നു ______________________________**

1. **നോഹയുടെ പെട്ടകത്തിന്റെ വിവരണം നല്കുക (ഉല്പ. 6:14–16).**

   നോഹയുടെ പെട്ടകത്തിന്റെ ശരിപ്പകർപ്പ് ഒരു ആർക്കിടെക്ച്ചറിനു എങ്ങനെ വീണ്ടും ഉണ്ടാക്കുവാൻ കഴിയും?

2. **പഠിച്ച പാഠത്തിൽനിന്നു, അപ്പൊസ്തലന്മാരുടെ കാലത്തു എങ്ങനെ സഭ ആരംഭിച്ചു?**
   a. പിന്നെ എല്ലാ ഉപദേഷ്ടാക്കന്മാരും പ്രാസംഗികരും എന്തു ചെയ്യണം (2 തിമൊ. 1:13; 2:2)?
   b. അതേ മാതൃക നാം ഇന്നു ഉപയോഗിച്ചാൽ, എന്തായിരിക്കും പുറപ്പെടുവിക്കുക?

3. **സ്വഭാവത്തിലും കൃപയിലും ദൈവത്തിന്റെ ക്രമം എന്താണ് (ഉല്പ. 1:11; ഗലാ. 6:7, 8)?**

© 2009 Truth for Today